പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5936

08-07-2013 – ൽ മറുപടിയ്ക്ക്

## സ്വർണ്ണപ്പണയത്തിന്മേൽ അനുവദിക്കുന്ന കാർഷിക വായ്പ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി ഗീതാ ഗോപി | ശ്രീ.കെ.പി.മോഹനൻ (കൃഷിയും, മൃഗസംരക്ഷണവും ,അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കൃഷി ആവശ്യത്തിനായി സഹകരണ ബാങ്കുകൾ നല്കുന്ന സ്വർണ്ണപ്പണയ വായ്പകളിന്മേൽ ഈടാക്കുന്ന പലിശ നിരക്ക് കുറയ്ക്കാൻ കൃഷി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ ; | (എ) കാർഷിക ആവശ്യത്തിനുവേണ്ടി സ്വർണ്ണപ്പണയത്തിന്റെ ഈടിന്മേൽ ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയുടെ വായ്പാതോതിനു വിധേയമായി നൽകുന്ന ഹ്രസ്വകാല വായ്പ വിള വായ്പയായി കണക്കാക്കി പലിശ 7% -ൽ അധികരിയ്ക്കാതെ നൽകുന്നു. ഈ വായ്പകൾക്ക് സർക്കാർ നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി പ്രകാരമുള്ള പരമാവധി 5% സബ്സിഡിയും കേന്ദ്ര സർക്കാർ നൽകുന്ന 2% സബ്വെൻഷനും അർഹതയുണ്ട്. |
| (ബി) കൃഷിക്കാർക്ക് അടിയന്തിര ഘട്ടങ്ങളിൽ ആശ്രയിക്കാവുന്ന വായ്പാ മാർഗ്ഗമെന്ന നിലയിൽ, ഇതര ബാങ്കുകളിൽ കുറഞ്ഞ പലിശക്ക് സ്വർണ്ണപ്പണയ വായ്പ ലഭ്യമാക്കാൻ കൃഷി വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) വാണിജ്യ ബാങ്കുകളിൽ നിന്നും കാർഷിക ആവശ്യങ്ങൾക്കായി 3 ലക്ഷം രൂപവരെ സ്വർണ്ണപ്പണയ വായ്പ നൽകുന്നുണ്ട്. ഈ വായ്പകൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന 2 ശതമാനം പലിശ സബ്സിഡിക്കുശേഷം പരമാവധി പലിശ 7 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ബാങ്ക് നിശ്ചയിച്ചിട്ടുള്ള തിരിച്ചടവു കാലാവധിക്കുള്ളിൽ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകന് 3 ശതമാനം അധിക പലിശ സബ്സിഡിയും കേന്ദ്ര സർക്കാർ കൊടുത്തുവരുന്നു. സഹകരണ സംഘങ്ങളിൽനിന്നും കാർഷിക ആവശ്യത്തിനുവേണ്ടി സ്വർണ്ണപ്പണയത്തിന്റെ ഈടിന്മേൽ 7% നിരക്കിൽ കാർഷിക വായ്പകൾ നൽകിവരുന്നു. കർഷകരുടെ വായ്പാസംബന്ധമായ പ്രശ്നങ്ങൾക്ക് ബാങ്കേഴ്സ് കമ്മിറ്റികളിൽ പരിഹാരം കാണാനും ശ്രദ്ധ പുലർത്തുന്നു. |

സെക്ഷൻ ഓഫീസർ